**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2867** **10-03-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവികൾ നാട്ടിലിറങ്ങുന്നത് പ്രതിരോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനത്തിനുള്ളിൽ ചൂടുകൂടുന്നതിനാൽ കാട്ടാന അടക്കമുള്ള വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങി ജനങ്ങളെ കൊല്ലുന്ന സംഭവങ്ങൾ കൂടിവരുന്നത് പ്രതിരോധിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (എ) | വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടക്കുന്നതു-മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റേയും ഊർജ്ജിതപ്പെടുത്തുന്നതി-ന്റേയും ഭാഗമായി 26/02/2025 ലെ സർക്കാർ ഉത്തരവ് (കൈ) നം. 8/2025/വനം പ്രകാരം സർക്കാർ നടപ്പാക്കുന്ന മിഷൻ മോഡിലുള്ള പത്ത് പദ്ധതികളും അവയുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രഖ്യാപി-ക്കുകയും ആയത് നടപ്പിലാക്കി വരുന്നതുമാണ്.<br><br>1. Mission Real Time Monitoring<br><br>സംസ്ഥാനത്തെ എല്ലാ ഡിവിഷനുകളിലെയും ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാര-പാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുകയും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടിയറിഞ്ഞ് പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുകയും ലക്ഷ്യം വച്ചുകൊണ്ടുള്ള സമഗ്രമായ നിരീക്ഷണ സംവിധാനം.<br><br>2. Mission Primary Response Teams<br><br>സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ പ്രശ്ന-ങ്ങളിൽ പ്രാദേശികമായി സത്വര ഇടപെടലിനായി Primary Voluntary Response ടീമുകളെ (പ്രാഥമിക സന്നദ്ധ പ്രതികരണസേന) സജ്ജമാക്കാനുള്ള ശ്രമം നടന്നുവരുന്നു. ആർ.ആർ.ടി.കൾ സംഘർഷ പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിനു മുമ്പ് തന്നെ ഈ ടീമുകൾ സംഘർഷപ്രദേശത്ത് അടിയന്തിരമായി എത്തിച്ചേരുന്നതിനും പ്രശ്നപരിഹാരത്തിനാവശ്യമായ സത്വര പ്രാഥമിക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. സംഘർഷ ലഘൂകരണത്തിനായി State Bio-Diversity Board, SDMA, SARPA വോളന്റീയർമാർ, പഞ്ചായത്തുകൾ എന്നിവരുടെ സഹായവും തേടുന്നതാണ്. |

3. Mission Tribal Knowledge

കേരളത്തിലെ 36 ഗോത്ര സമൂഹങ്ങൾ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന് സ്വീകരിച്ചുപോന്ന പരമ്പരാഗത അറിവുകൾ ശേഖരിക്കുന്നതിന് വനം വകുപ്പ് കേരള വന ഗവേഷണ കേന്ദ്രവുമായി ചേർന്ന് ശ്രമിക്കുന്നു. ഇതിലൂടെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ ഗോത്ര സമൂഹങ്ങളുടെ ജീവനാശം ഒഴിവാക്കുന്നതിനായി അവരുടെതായ തനതു രീതികൾ തിരിച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമവും അതിലെ ഫലപ്രാപ്തിയുടെ ശാസ്ത്രീയ പരിശോധനയും സാധ്യമാവും എന്നാണ് കരുതുന്നത്. പട്ടിക വർഗ്ഗ വകുപ്പിന്റെ കൂടി സഹകരണത്തോടെ-നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

4. മിഷൻ ഫുഡ്, ഫോഡർ & വാട്ടർ - Mission Food, Fodder & Water

വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും, അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനുമായി വനംവകുപ്പ് "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" പദ്ധതി വിഭാവന ചെയ്യുന്നു. വനാന്തരങ്ങളിലെ കുളങ്ങളും ചെക്ക്ഡാമുകളും മറ്റു ജലസംഭരണികളും സംഭരണശേഷി വർധിപ്പിക്കുന്നതിനുള്ള പണികൾ നടത്തി വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുകയും, വനമേഖലകളിൽ പടർന്ന് പിടിച്ചിട്ടുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്തും തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും ഭക്ഷണലഭ്യത ഉറപ്പുവരുത്തി വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. തദ്ദേശീയ ജനതയുടെയും എൻ.ജി.ഒ.കളുടെയും പിന്തുണയോടെയും പങ്കാളിത്തത്തോടെയുമായിരിക്കും വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നത്.

5. Mission Bonnet Macaque

കേരളത്തിലെ പല ഭാഗങ്ങളിലും നാടൻ കുരങ്ങുകളുടെ ശല്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ അവയെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് വേണ്ട മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനാണ് ഊന്നൽ നൽകുന്നത്.

6. Mission Wild Pig

കാട്ടുപന്നിയുടെ ശല്യം വ്യാപകമായ പഞ്ചായത്തുകളിൽ അവയെ നിയന്ത്രിക്കുന്നതിന് വനം വകുപ്പ് പഞ്ചായത്തുകളുമായി സഹകരിച്ച് തുടർനടപടി

സ്വീകരിച്ചുവരുന്നു. ഇത് ഊർജ്ജിതമാക്കാനുള്ള ശ്രമങ്ങൾ തുടരും.

7. Mission SARPA

SARPA മിഷന്റെ ഭാഗമായി സംസ്ഥാനത്ത് പാമ്പ് കടിയേറ്റുള്ള മരണങ്ങൾ പൂർണ്ണമായി ഇല്ലാതാക്കുവാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ആന്റിവെനം (Antivenom) ഉല്പാദനവും വിതരണവും കാര്യക്ഷമമാക്കുവാനും ജനങ്ങളിൽ ബോധവത്ക്കരണം ശക്തമാക്കുവാനും ആരോഗ്യവകുപ്പുമായി സഹകരിച്ച് നടപടി ലക്ഷ്യമിടുന്നു.

8. Mission Knowledge

മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന്റെ ഭാഗമായി 'Mission Knowledge' എന്ന പദ്ധതിക്ക് വകുപ്പ് രൂപം നൽകുന്നു. കെ.എഫ്.ആർ.ഐ., ടി.ബി.ജി.ആർ.ഐ. വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, സാക്കോൺ തുടങ്ങി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ ലക്ഷ്യം വയ്ക്കുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന മറ്റ് വിവിധ കാരണങ്ങൾ എന്നിവ സംബന്ധിച്ച് പഠനങ്ങൾക്ക് മുൻഗണന നൽകുന്നു.

9. Mission Solar Fencing

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജനവാസമേഖലകളിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് പ്രതിരോധിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വേലികൾ പരമാവധി പ്രവർത്തനക്ഷമമാക്കുവാൻ 2024 നവംബർ-ഡിസംബർ മാസങ്ങളിൽ തീവ്രയജ്ഞ പരിപാടി സംഘടിപ്പിച്ചു. പൊതുജന പങ്കാളിത്തത്തോടെയുള്ള 'മിഷൻ ഫെൻസിംഗ് 2024' എന്ന കർമ്മ പരിപാടിയിലും ഉപയോഗ്യശൂന്യമായിരുന്ന 848 കിലോമീറ്റർ വേലി പ്രവർത്തനക്ഷമമാക്കി. ഈ മിഷൻ തുടർന്നുവരികയാണ്.

10. Mission Sensitization to Public

മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച് പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് ഓരോ പ്രദേശങ്ങളിലും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കാമ്പയിനുകൾ സംഘടിപ്പിക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു. സോഷ്യൽ ഫോറസ്ട്രി വിഭാഗം, ഫോറസ്ട്രി ഇൻഫർമേഷൻ

| | | | |
|---|---|---|---|
| | | | ബ്യൂറോ, വനം സോഷ്യൽ മീഡിയാ സെൽ എന്നീ വിഭാഗങ്ങൾ വഴിയാണ് പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ